## ജനസമ്പർക്ക പരിപാടിക്ക് തുടക്കം

# മുഖ്യമന്ത്രി മുമ്പാകെ പരാതി പ്രളയം

സ്വന്തം ലേഖകൻ

കോഴിക്കോട്: പൊതുജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരമേകി മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിക്ക് സാമൂതിരിയുടെ തട്ടകത്തിൽ സംസ്ഥാനതല തുടക്കം. പൊതുവാഹനങ്ങൾ പണിമുടക്കിയിട്ടും ശനിയാഴ്ച ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്ന് ആയിരങ്ങൾ പരാതിക്കെട്ടുകളുമായി മലബാർ ക്രിസ്ത്യൻ കോളജ് ഗ്രൗണ്ടിലേക്ക് ഒഴുകിയെത്തി. നടക്കാൻ കഴിയാത്തവരിൽനിന്ന് പരാതി സ്വീകരിക്കാൻ സ്റ്റേജിൽ നിന്നിറങ്ങി വന്നും വൃദ്ധരെ ആശ്ലേഷിച്ചും, സ്ത്രീകളെ തോളിൽത്തട്ടി ആശ്വസിപ്പിച്ചും ചില പരാതികളിൽ ഉടനടി തീർപ്പുകൽപിച്ചും താരമായി മാറിയ മുഖ്യമന്ത്രി ഉമ്മൻചാണ്ടി വിശ്രമമില്ലാതെയാണ് മണിക്കൂറുകൾ നീണ്ട സമ്പർക്ക പരിപാടിയിൽ പങ്കുചേർന്നത്. രാവിലെ പത്തു മണിയോടെ ആരംഭിച്ച പരാതി കേൾക്കൽ രാത്രി വൈകിയാണ് സമാപിച്ചത്. വിവധ ക്ഷേമ പദ്ധതികളുടെ ധനസഹായമടക്കം ഒന്നര കോടിയോളം രൂപയുടെ സഹായങ്ങൾ വിതരണം ചെയ്ത മുഖ്യമന്ത്രി ആയിരത്തോളം പേർക്ക് ചടങ്ങിൽ ഭൂമിയുടെ പട്ടയവും നൽകി. നിരവധി പരാതികളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സ്റ്റേജിൽ വിളിച്ചുവരുത്തി തീർപ്പ് കൽപ്പിക്കുകയും ചെയ്തു. ജില്ലയിലെ സർക്കാർ പ്രഫഷനൽ കോളജുകളിൽ പഠിക്കുന്ന 24 പട്ടികവർഗ വിദ്യാർഥികൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്തു. സഹായ അഭ്യർഥനയുമായെത്തിയ നിരവധി നിർധനർക്ക് സാമ്പത്തിക സഹായവും വിതരണം ചെയ്തു. 'എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കാൻ ആർക്കും സാധിക്കില്ല. പക്ഷേ, പരിഹാരം ഉണ്ടാവേണ്ട കാര്യങ്ങൾ ശ്രദ്ധിക്കപ്പെടാതെ പോവുന്നതും ശരിയല്ല- മുഖ്യമന്ത്രി ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു. കോഴിക്കോട് മെഡിക്കൽ കോളജിലെ മലിനജല ട്രീറ്റ്മെൻറ് പ്ലാൻറ് എത്രയും വേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. വെസ്റ്റ്ഹിൽ ശാന്തിനഗർ കോളനി നവീകരണം വൈകാതെ പൂർത്തിയാക്കി അതേ മാതൃകയിൽ കോതി-പള്ളിക്കണ്ടി കോളനി നവീകരിക്കും. ഇതിനുള്ള അനുമതി ഉടനുണ്ടാകും. കല്ലായി പുഴയിലെ ചളി മാന്തി ആഴം കൂട്ടുന്നതിന് മൂന്നര കോടി രൂപ അനുവദിച്ചിട്ടുണ്ട്. മെഡിക്കൽ കോളജിനോടനുബന്ധിച്ച കാൻസർ യൂനിറ്റിന് അത്യാധുനിക ഉപകരണങ്ങൾ നൽകാൻ നടപടി ക്രമങ്ങൾ അതിവേഗം പൂർത്തിയാക്കും'-മുഖ്യമന്ത്രി പറഞ്ഞു.



**പരാതിക്കൂട്ടം...** കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളജ് ഗ്രൗണ്ടിൽ നടന്ന ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്ക് ചുറ്റും പരാതിയുമായി എത്തിയവർ. വാഹന പണിമുടക്കായിട്ടും ആയിരക്കണക്കിനാളുകളാണ് എത്തിയത്